# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/6/2020-EB(1) തിരുവനന്തപുരം, തീയതി, 17.02.2020

website: www.cooperation.kerala.gov.in

e-mail: keralarcs.coop@kerala.gov.in

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം-സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/ അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഉദ്യോഗകയറ്റം - നിയമനം - ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർമാരുടെ സ്ഥലംമാറ്റം - ചുമതല കൈമാറുന്നതിനും, ഏറ്റെടുക്കുന്നതിനും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം: ജി.ഒ (ആർ.റ്റി) നമ്പർ 122/2020/സഹ: തീയതി, 17.02.2020

..........

മേൽ പരാമർശം പ്രകാരം ചുവടെ പേരു പറയുന്ന ക്രമ നമ്പർ (1) മുതൽ ക്രമ നമ്പർ (3) വരെയുള്ള അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാരെ ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗകയറ്റം നൽകി 45,800-89,000/- ശമ്പള സ്കെയിലിൽ നിയമിച്ചുകൊണ്ടും, ക്രമ നമ്പർ (4) ഡെപ്യൂട്ടി രജിസ്ട്രാറെ സ്ഥലം മാറ്റി നിയമിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്.

| ക്രമ നം. | പേരും, നിലവിലുള്ള തസ്തികയും | ഉദ്യോഗകയറ്റം നൽകി നിയമിച്ച തസ്തിക |
|---|---|---|
| 1 | ശ്രീ. കെ.ജി. രാജശേഖരൻ നായർ, അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, ചെർപ്പുളശ്ശേരി സഹകരണ അർബൻ ബാങ്ക്, പാലക്കാട് | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, മലപ്പുറം |
| 2 | ശ്രീമതി. അഭയ എബ്രഹാം, അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസ്, ആലപ്പുഴ | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, എറണാകുളം |
| 3 | ശ്രീ. വി. ഹരികുമാർ, അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, നാവായിക്കുളം സർവ്വീസ് സഹകരണ ബാങ്ക്, തിരുവനന്തപുരം | ഡെപ്യൂട്ടി രജിസ്ട്രാർ/സെക്രട്ടറി, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്, തിരുവനന്തപുരം |
| 4 | ശ്രീ. മാത്യു ജോൺ, ഡെപ്യൂട്ടി രജിസ്ട്രാർ/സെക്രട്ടറി, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്, തിരുവനന്തപുരം | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, ഇടുക്കി |

മേൽ ഉദ്യോഗകയറ്റം/സ്ഥലംമാറ്റത്തോടനുബന്ധിച്ച് ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുക്കുന്നതിനും നിർദ്ദേശം നൽകി ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം | ഉദ്യോഗക്കയറ്റം ലഭിച്ചവരുടെ പേരും, നിലവിലുള്ള തസ്തികയും | നിലവിലുള്ള തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ആഫീസർ | നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല നൽകേണ്ട ആഫീസർ |
|---|---|---|---|
| 1 | ശ്രീ. കെ.ജി. രാജശേഖരൻ നായർ, അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, ചെർപ്പുളശ്ശേരി സഹകരണ അർബൻ ബാങ്ക്, പാലക്കാട് | അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസ്, പാലക്കാട് | അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്), ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, മലപ്പുറം |
| 2 | ശ്രീമതി. അഭയ എബ്രഹാം, അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസ്, ആലപ്പുഴ | അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി), ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, ആലപ്പുഴ | അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്), ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, എറണാകുളം |
| 3 | ശ്രീ. വി. ഹരികുമാർ, അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, നാവായിക്കുളം സർവ്വീസ് സഹകരണ ബാങ്ക്, തിരുവനന്തപുരം | അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), തിരുവനന്തപുരം | അസിസ്റ്റന്റ് രജിസ്ട്രാർ/ എക്സാമിനേഷൻ കൺട്രോളർ, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്, തിരുവനന്തപുരം |
| 4 | ശ്രീ. മാത്യു ജോൺ, ഡെപ്യൂട്ടി രജിസ്ട്രാർ/സെക്രട്ടറി, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്, തിരുവനന്തപുരം | അസിസ്റ്റന്റ് രജിസ്ട്രാർ/ എക്സാമിനേഷൻ കൺട്രോളർ, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്, തിരുവനന്തപുരം | അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്), ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, ഇടുക്കി |

ഈ ഉത്തരവിന് അടിയന്തിര പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ ചുമതല അധിക ചുമതലയായി വഹിക്കുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ആഫീസർക്ക് കൈമാറേണ്ടതാണ്.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറിയതിന്റെയും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുത്തതിന്റെയും ചുമതലാ കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം, ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് കൃത്യമായി അയയ്ക്കേണ്ടതാണ്.

(ഒപ്പ്),
പി.എസ്. മനോജ്
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തികൾക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്:-
1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
4) ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
5) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
7) ചെയർമാൻ, സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്, തിരുവനന്തപുരം
8) ബന്ധപ്പെട്ട ജില്ല ട്രഷറി ആഫീസർമാർക്ക്
9) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)